compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 10
Tuesday, 10th March 2026

1201 കുംഭം 26
26th Kumbham 1201

1947 ഫാൽഗുനം 19
19th Phalguna 1947

വാല്യം 15
Vol. XV

നമ്പർ / **No.** **10**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

(സാന്നിധ്യം : ഉണ്ണികൃഷ്ണൻ നായർ, കെ. പി.)

(1)

നമ്പർ JRGKTM/2249/2025-AEL. 2026 ഫെബ്രുവരി 27.

വിഷയം :—സഹകരണവകുപ്പ്—സമാപ്തീകരണം—കെ 1018 കോട്ടയം വനിത സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ആഫീസിലെ 12-9-2025-ലെ JRGKTM/2249/2025-AEL നമ്പർ ഉത്തരവ്

(2) ഈ ആഫീസിലെ 10-2-2026-ലെ JRGKTM/2249/2025-AEL നമ്പർ ഉത്തരവ്.

(3) 23-2-2026-ലെ 4-ാം നമ്പർ പൊതുയോഗ തീരുമാനം

(4) ലിക്വിഡേറ്ററുടെ 25-2-2026-ലെ 1-ാം നമ്പർ തീരുമാനവും അപേക്ഷയും

(5) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 25-2-2026-ലെ ARGKTM/1080/2025-UI (1) നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കെ 1018 കോട്ടയം വനിത സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടിസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വിട്ടാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും, കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും, കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ ആഡിറ്റ് യഥാവിധി എ.ഇ.എൽ ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (4) അപേക്ഷ സമർപ്പിക്കുകയും, കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കെ 1018 കോട്ടയം വനിത സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

(2)

നമ്പർ JRGKTM/2799/2025-AEL. 2026 ഫെബ്രുവരി 24.

വിഷയം :—സഹകരണവകുപ്പ്—സമാപ്തീകരണം—കെ 941 പാമ്പാടി പഴം പച്ചക്കറി സഹകരണ സംഘം ക്ലിപ്തം—കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) പാമ്പാടി യൂണിറ്റ് ഇൻസ്പെക്റ്ററുടെ 6-10-2025-ലെ UI 10/25 നമ്പർ റിപ്പോർട്ട്.

(2) കോട്ടയം സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ 27-9-2025-ലെ A5/2025 നമ്പർ കത്ത്.

(3) കോട്ടയം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-10-2025-ലെ. ARGKTM/1160/2025-UI (1) നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കെ 941 പാമ്പാടി പഴം പച്ചക്കറി സഹകരണ സംഘം ക്ലിപ്തത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് പരാമർശം (1), (2), (3) എന്നിവ പ്രകാരം റിപ്പോർട്ട് ലഭിച്ചിരിക്കുന്നു.

സംഘം ബൈലോ, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ലാത്തതും സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ സഹകരണ സംഘം ഓഡിറ്റ് വിഭാഗത്തിൽ അന്വേഷിച്ചപ്പോൾ ടി സംഘം RNA-യിൽ ആണെന്നും ഓഡിറ്റ് നടക്കുന്നില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും ഓഡിറ്റ് വിഭാഗത്തിൽ നിന്നും യാതൊരു രേഖകളും ലഭിച്ചില്ലയെന്നും സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ചു കൂടുതൽ രേഖകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണെന്നും ആയതിനാൽ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും നിർണയിക്കാൻ സാധിച്ചിട്ടില്ലായെന്നും ലിക്വിഡേഷൻ നടപടികൾ നിയമാനുസരണം പൂർത്തിയാക്കുന്നതിനു ആവശ്യമായ യാതൊരു രേഖകളും ലഭ്യമാകുകയില്ല എന്ന് ഉത്തമ ബോധ്യം വന്നിട്ടുള്ളതായും പരാമർശം (1) പ്രകാരം പാമ്പാടി യൂണിറ്റ് ഇൻസ്പെക്ടറും, പരാമർശം (3) പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സംഘത്തിന്റെ യാതൊരു രേഖകളും ലഭ്യമല്ലായെന്നും അവസാന ആഡിറ്റ് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ നൽകുന്നതിന് കഴിയുന്നില്ലായെന്നും കോട്ടയം സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യങ്ങളിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (3) പ്രകാരം ശുപാർശയും ചെയ്തിരിക്കുന്നു. കേരളാ സഹകരണ സംഘം വകുപ്പ് 74 സംഘത്തിന്റെ റിക്കാർഡുകൾ നശിപ്പിച്ചിട്ടുള്ളതിനാൽ അതിന്റെ കാര്യാദികൾ അവസാനമായി നിർത്തൽ ചെയ്യാൻ സാദ്ധ്യമല്ലെന്ന് ബോദ്ധ്യം വരുന്ന പക്ഷം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യങ്ങളിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

സംഘത്തിന്റെ യാതൊരു രേഖകൾ ലഭ്യമല്ലായെന്ന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ ജനറലും അവസാന ആഡിറ്റ് റിപ്പോർട്ട് ലഭ്യമല്ലായെന്ന് കോട്ടയം സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറും അറിയിച്ച സാഹചര്യത്തിൽ കെ 941 പാമ്പാടി പഴം പച്ചക്കറി സഹകരണ സംഘം ക്ലിപ്തത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സഹകരണ സംഘം (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, കോട്ടയം. ഇൻ ചാർജ്ജ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGOTP/500/2025-UI(1). 2026 ഫെബ്രുവരി 23.

പാലക്കാട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ 9-4-2025-ലെ JRGPKD/941/2024-AEL നമ്പർ ഉത്തരവ് പ്രകാരം ചളവറ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ P.1062-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി ഒറ്റപ്പാലം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഒറ്റപ്പാലം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ, ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും, ടി സംഘത്തിലേയ്ക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടയ്ക്കുവാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതുമാണെന്നും, ഇതിനാൽ പൊതുജനങ്ങളെയും, സംഘങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/ഒറ്റപ്പാലം യൂണിറ്റ് ഇൻസ്പെക്ടർ,
ചളവറ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം
ക്ലിപ്തം നമ്പർ P.1062.

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, ഒറ്റപ്പാലം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പാലക്കാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. എം. ശ്രീഹരി)

നമ്പർ JRGPKD/941/2024-AEL. 2025 ഏപ്രിൽ 9.

വിഷയം :—ചളവറ പഞ്ചായത്ത് എസ്.സി. സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1062-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ഒറ്റപ്പാലം അസി. രജിസ്ട്രാർ (ജ)-യുടെ 23-3-2024-ലെ ARGOTP/164/2024-OI നമ്പർ കത്ത് അനുബന്ധ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) ഈ ആഫീസിൽ നിന്നും ഒറ്റപ്പാലം സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ പാലക്കാട് റീജിയൺ ബാങ്ക് ജനറൽ മാനേജർ എന്നിവർക്ക് നൽകിയ 9-12-2024 തീയതിയിലെ ഇതേ നമ്പർ കത്ത്.

ചളവറ പഞ്ചായത്ത് എസ്.സി സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1062 നിലവിൽ പ്രവർത്തനരഹിതമാണെന്നും, ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം 66 വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയുണ്ടായെന്നും, പ്രസ്തുത സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്നും ആയതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (1) പ്രകാരം ഒറ്റപ്പാലം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അപേക്ഷിച്ചിരിക്കുന്നു. ആയത് സംബന്ധിച്ച് സൂചന (2) പ്രകാരം ഒറ്റപ്പാലം സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് പാലക്കാട് റീജിയൺ ജനറൽ മാനേജർ എന്നിവരോട് അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും നാളിതുവരേയും അഭിപ്രായം അറിയിക്കാത്ത സാഹചര്യത്തിൽ, തികച്ചും പ്രവർത്തനരഹിതമായ പ്രസ്തുത സംഘത്തെ പുനരുദ്ധീകരിക്കുന്നതിന് യാതൊരു സാദ്ധ്യതയും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചളവറ പഞ്ചായത്ത് എസ്.സി സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1062-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമത്തിലെ 71(1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത സംഘത്തിന്റെ ലിക്വിഡേറ്ററായി ഒറ്റപ്പാലം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഒറ്റപ്പാലം യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമത്തിലെ 72 വകുപ്പിനനുസൃതമായി ഇതിനാൽ നിയമിച്ചുകൊള്ളുന്നു. ലിക്വിഡേറ്റർ ഉടൻ തന്നെ സംഘം റിക്കാർഡുകളുടേയും ആസ്തികളുടേയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും, അപ്പീൽ കാലാവധിയായ 60 ദിവസത്തിനു ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതി, ചാർജ്ജ് എടുത്ത തീയതിയിലെ കടധനപട്ടിക, ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക എന്നിവ യഥാസമയം ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ആഫീസ്, ഒറ്റപ്പാലം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGPNI/661/2025-UI(1). 2026 ഫെബ്രുവരി 5.

മലപ്പുറം സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 29-11-2025 തീയതിയിലെ JRMPM/3927/2024-SCT നമ്പർ ഉത്തരവ് പ്രകാരം പെരുമ്പടപ്പ് ഗ്രൂപ്പ് പ്രൈമറി സ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 138-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി പൊന്നാനി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താഴെ പറയുന്ന ഉദ്യോഗസ്ഥനെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽനിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടവാക്കുവാനുണ്ടെങ്കിൽ അടയ്ക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും, സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻ തന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ/
അണ്ടത്തോട് യൂണിറ്റ് ഇൻസ്പെക്ടർ
പെരുമ്പടപ്പ് ഗ്രൂപ്പ് പ്രൈമറി സ്കൂൾ
സഹകരണ സംഘം ക്ലിപ്തം നമ്പർ എം.138.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, പൊന്നാനി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ അധിക ചുമതല വഹിക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: എം. കെ. സൈബുന്നീസ)

നമ്പർ 2162/2025/എ.ഇ.എൽ./കെഡിസ്. 2026 ഫെബ്രുവരി 4.

വിഷയം :—സമാപ്തീകരണം—സഹകരണ വകുപ്പ്—മലബാർ പ്രീ പ്രൈമറി ടീച്ചേഴ്സ് & ഹെൽപ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2038 സമാപ്തീകരണ നടപടികൾ പൂർത്തിയാക്കൽ—കേരള സഹകരണ നിയമം 74-ാം വകുപ്പ്—രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂരിന്റെ 26-8-2024 തീയതിയിലെ 281/2023/എഇഎൽ/കെഡിസ് നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 15-11-2025 തീയതിയിലെ ARGKNR/509/2024/K2 നമ്പർ ഉത്തരവ്.

മലബാർ പ്രീ പ്രൈമറി ടീച്ചേഴ്സ് & ഹെൽപ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2038 പ്രവർത്തനരഹിതമായതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിച്ചും കേരള സഹകരണ നിയമം 71 (1) (ബി) പ്രകാരം കണ്ണൂർ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ കണ്ണൂർ-2 യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിക്കുകയും, ലിക്വിഡേറ്റർ സ്വമേധയാ ചുമതലയേൽക്കുകയും സമാപ്തീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

മേൽ സൂചന (2) നടപടിക്രമം വഴി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ കേരള സഹകരണ നിയമം വകുപ്പ് 73 പ്രകാരം പൂർത്തിയായതായും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യാവുന്നതാണെന്ന് ലിക്വിഡേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേഷൻ കാലയളവിലെ കണക്കുകൾ ഈ ഓഫീസിലെ എ.ഇ.എൽ സെക്ഷൻ ഇൻസ്പെക്ടർ പരിശോധിച്ചിട്ടുണ്ട്. സംഘത്തിൽ നിലവിൽ ആസ്തി ബാധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് മലബാർ പ്രീപ്രൈമറി ടീച്ചേഴ്സ് & ഹെൽപ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 2038-ന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാ രേഖകളും, റെക്കോർഡുകളും കേരള സഹകരണ നിയമം ചട്ടം 70-ലെ വ്യവസ്ഥകൾക്ക് വിധേയമായി 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി സമയ പരിധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.10 03:50:26 +05:30